
# കാർഷിക മേഖലയ്ക്ക് തിരിച്ചടിയായി വളം ക്ഷാമം രൂക്ഷം

**ജോമോൻ വി സേവ്യർ** Janayugom 18-10-18, P-12



തൊടുപുഴ: യൂറിയ ഉൾപ്പെടെ കർഷകർ കൂടുതലായി ഉപയോഗിക്കുന്ന വളങ്ങൾക്ക് സംസ്ഥാനത്ത് കടുത്ത ക്ഷാമം. പ്രളയത്തിനു ശേഷം കാർഷിക മേഖല സജീവമാകുന്നതിനിടെയാണ് യൂറിയ, പൊട്ടാഷ് ഉൾപ്പെടെയുള്ള വളം കിട്ടാനില്ലാതായത്. യഥാസമയം വളപ്രയോഗം നടത്താനാകാതെ വന്നാൽ കൃഷിയെ കാര്യമായി ബാധിക്കുമെന്ന ആശങ്കയിലാണ് കർഷകർ. സംസ്ഥാനത്തെ പല ജില്ലകളിലും യൂറിയ കർഷകർക്ക് കിട്ടാത്ത അവസ്ഥയാണുള്ളത്. വിള വർദ്ധവിനായിട്ടാണ് പ്രധാനമായും യൂറിയയും പൊട്ടാഷും കർഷകർ ഉപയോഗിക്കുന്നത്. യൂറിയയും പൊട്ടാഷും കിട്ടാതായതോടെ റബർ,തെങ്ങ്,വാഴ,കപ്പ,ഇഞ്ചി,പൈനാപ്പിൾ ഉൾപ്പെടെയുള്ള വിവിധ കൃഷികൾക്ക് വളപ്രയോഗം നടത്താനാകാതെ വന്നിരിക്കുകയാണ്. ഐപിഎൽ,എംഎസ്എൽ,എംസിഎഫ്, സ്പിക് തുടങ്ങിയ കമ്പനികളാണ് സംസ്ഥാനത്തിന് ആവശ്യമായ യൂറിയ വിതരണം ചെയ്യുന്നത്.

വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതും തൂത്തുക്കുടി, മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളിലെ കമ്പനികളിൽ ഉൽപാദിപ്പിക്കുന്ന വളമാണ് കേരളത്തിലേക്ക് റയിൽമാർഗം എത്തിക്കുന്നത്. കോട്ടയം,ആലുവ എന്നിവിടങ്ങളിൽ എത്തിക്കുന്ന വളം ഇവിടെ നിന്നുമാണ് സംസ്ഥാനത്തെ മറ്റു ജില്ലകളിലേക്ക് റോഡ്മാർഗം ഏജൻസികൾ വഴി വിതരണം ചെയ്യുന്നത്. എഫ്എ സി ടി യിൽ യൂറിയ ഉൽപാദനം നിലച്ചതാണ് സംസ്ഥാനത്ത് വളത്തിന്റെ ലഭ്യതക്ക് പ്രധാനമായും തിരിച്ചടിയായിരിക്കുന്നത്. 2003ൽ ബോയ്ലറിൽ പൊട്ടിത്തെറി ഉണ്ടായി പ്ലാന്റിന് നാശനഷ്ടം സംഭവിച്ചതാണ് ഇവിടെ ഉൽപാദനം നിലയ്ക്കാൻ കാരണം. കഴിഞ്ഞ യുപിഎ സർക്കാരിന്റെ കാലത്ത് പ്ലാന്റിന്റെ പുനർനിർമാണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ഉയർന്നിരുന്നെങ്കിലും നടപടി ഉണ്ടായില്ല. പിന്നീട് അധികാരത്തിലെത്തിയ എൻഡിഎ സർക്കാരും ഫാക്ടിന്റെ കാര്യത്തിൽ അവഗണന ഇപ്പോഴും തുടരുകയാണ്.

രണ്ടു വർഷം മുമ്പുവരെ എഫ്എസിടി പൊട്ടാഷ് ഇറക്കുമതി നടത്തിയിരുന്നു. എന്നാൽ ഇതിനും കേന്ദ്രസർക്കാർ നിരോധനം ഏർപ്പെടുത്തി. രൂപയുടെ വിനിമയ നിരക്കിലുണ്ടാകുന്ന വ്യത്യാസം മൂലം ഇറക്കുമതി പലപ്പോഴും സാമ്പത്തിക നഷ്ടത്തിനു കാരണമാകുന്നതായി ചൂണ്ടികാണിച്ചാണ് നിരോധനം ഏർപ്പെടുത്തിയത്. നിലവിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും യൂറിയയും പൊട്ടാഷും എത്തിച്ചാണ് കേരളത്തിൽ വിതരണം നടത്തുന്നത്. വളം വിതരണം ചെയ്യുന്ന ഏജൻസികളുടെ കെടുകാര്യസ്ഥതയും പലപ്പോഴും കർഷകർക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. അമോണിയം ഫോസ്ഫേറ്റ് എന്നിവ അടങ്ങിയിട്ടുള്ള 18-18-18 വളത്തിന്റെ വിൽപനക്ക് അടുത്തനാളിൽ കേന്ദ്ര സർക്കാർ നിരോധനവും ഏർപ്പെടുത്തിയതോടെ കർഷകർക്ക് ഇരട്ട പ്രഹരമായിരിക്കുകയാണ്. കഴിഞ്ഞ മാസം അഞ്ചുമുതലാണ് വിൽപന നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.